# Athmaraksha.org

മാരകപാപം, അഴിമതി, അനീതി, അസമാധാനം

## കപടനാട്യക്കാരാകരുതെന്ന് ഫ്രാൻസീസ് പാപ്പ



ദൈവസ്നേഹത്തിന്റെ പാതയിലൂടെ കാരുണ്യമുള്ളവരും തുറന്ന മനോഭാവമുള്ള വരുമായി സഞ്ചരിക്കാൻ ഫ്രാൻസീസ് പാപ്പാ ഒരിക്കൽ കൂടി വിശ്വാസികളെ ഓർമ്മ പ്പെടുത്തുന്നു. കപടനാട്യക്കാരായവർക്ക് പാപ്പാ നൽകുന്ന താക്കീതുകൂടിയാകുന്നു ഈ ആഹ്വാനം.

സാബത്ത്ദിവസങ്ങളിൽ രോഗിയായ ആളെ ക്രിസ്തു സുഖപ്പെടുത്തുന്നത് ന്യാ യമാണോ എന്ന ചോദ്യമുൾക്കൊള്ളുന്ന സുവിശേഷഭാഗത്തെ ആസ്പദമാക്കിയാണ് പാപ്പാ ദിവ്യബലിയിൽ സന്ദേശം നൽകിയത്. സ്നേഹത്തിലൂടെയും നീതിയിലൂടെയും എങ്ങനെയാണ് ക്രിസ്തു തന്റെ ജനതയെ തന്റെ പാതയിലേയ്ക്ക് നയിക്കുന്നതെന്ന് ഈ സുവിശേഷഭാഗം വ്യക്തമാക്കുന്നു.

"കപടനാട്യക്കാരനായ ഫരിസേയനാണ് ക്രിസ്തുവിന്റെ പ്രവൃർത്തി നീതിയുക്ത മാണോ എന്ന് ചോദിച്ച് വിമർശിക്കുന്നത്. ഇങ്ങനെയുള്ളവരിൽനിന്നും സ്നേഹവും നീ തിയും വളരെ അകലെയായിരിക്കും."പാപ്പ തുടർന്നു."ഇവർ നിയമത്തെ പിന്തുടരു കയും നീതിയെ തിരസ്കരിക്കുകയും ചെയ്യുന്നു. ഈ സ്വഭാവക്കാരെ ക്രിസ്തു വിശേ ഷിപ്പിക്കുന്നത് 'കപടനാട്യക്കാർ' എന്നാണ്. പാപമോചനത്തിന്റെയും പ്രതീക്ഷയുടെയും സ്നേഹത്തിന്റെയും വാതിൽ ഇത്തരക്കാരുടെമുന്നിൽ അടഞ്ഞു കിടക്കുന്നു. ക്രിസ്തു തന്റെ രക്തവും മാംസവും നൽകിയാണ് തന്റെ ജനത്തോടുള്ള ബന്ധം സ്ഥാപിച്ചത്. നമ്മെ രക്ഷയിലേയ്ക്കു നയിക്കുന്നതിനു വേണ്ടിയാണ് ക്രിസ്തു ഇങ്ങനെ ചെയ്തത്. ദൈവസ്നേഹവും അവിടുത്തെ സംരക്ഷണവും നമ്മെ കാപട്യത്തിൽനിന്നും സംരക്ഷി ക്കും" പാപ്പാ പറഞ്ഞു.